# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

**'അലകൾ' വായിക്കുക,**
**വരിക്കാരാവുക, പ്രചരിപ്പിക്കുക,**

**അലകൾ തപാലിൽ ലഭിക്കാൻ**
**60 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ടാങ്ക് റോഡ്
(ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ റോഡ്), പുളിമൂട്,
തിരുവനന്തപുരം - 695 001

പുസ്തകം 4 ലക്കം 9 ❖ തിരുവനന്തപുരം ❖ 2012 മാർച്ച് 1-15 www.alakal.net വില 2 രൂപ


# കടലിലെ വെടിവയ്പ്പ് : പ്രതിഷേധം വ്യാപകമാകുന്നു



കൊല്ലം: ഇറ്റാലിയൻ ചരക്ക് കപ്പലായ എൻറിക്ക ലെക്സിയിലെ ഭടന്മാർ ഇന്ത്യയുടെ പരമാധികാരമുള്ള കലിൽ വെച്ച് കൊല്ലം സ്വദേശി വാലന്റൈയ്നെയും തമിഴ്നാട്ടിലെ ഇരയിമ്മൻതുറ സ്വദേശി പിങ്കുവിനെയും യാതൊരു പ്രകോപനവുമില്ലാതെ വെടിവച്ചു കൊന്നതിലുള്ള പ്രതിഷേധം വ്യാപകമാകുന്നു. രണ്ട് സൈനികരെ മാത്രം അറസ്റ്റ് ചെയ്യുകയും അവരെ ഗസ്റ്റ് ഹൗസിൽ പാർപ്പിക്കുകയും ചെയ്ത പോലീസിന്റെ നടപടിൽ പരക്കെ ആക്ഷേപം ഉയർന്നിരിക്കുന്നു. കപ്പലിലെ ക്യാപ്റ്റനെ അറസ്റ്റ് ചെയ്യാൻ പോലീസ് മടികാണിക്കുന്നത് ആരെപേടിച്ചാണെന്ന ചോദ്യവും ഉയർന്നുകഴിഞ്ഞു.

കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി എ.കെ. ആന്റണി, സംസ്ഥാന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തുടങ്ങിയ ഭരണ നേതൃത്വങ്ങൾ വിട്ടുവീഴ്ചയില്ലാതെ വെടിവയ്പ്പിന് ഉത്തരവാദികളായ വിദേശിയർക്കെതിരെ നടപടികളുമായി മുന്നോട്ടു പോകുമെന്ന് ശക്തമായ ഭാഷയിൽ പറയുകയുണ്ടായി. അതേസമയം പോലീസ് എടുത്തിട്ടുള്ള കേസ് ഏറെ ദുർബലമായി പോയെന്ന് നിയമവിദഗ്ധർ വിലയിരുത്തുന്നു. എഫ്.ഐ.ആറിൽ പ്രതികൾ രക്ഷപ്പെടാനുള്ള പഴുതുകൾ ധാരാളമുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ വെടിവയ്പിൽ കൊല്ലപ്പെട്ട വാലന്റൈയ്ന്റെയും പിങ്കുവിന്റെയും കുടുംബാംഗങ്ങൾ കോടതിയിൽ നൽകിയ പ്രത്യേക കേസുകളും ചിലപൊതു താല്പര്യ ഹർജികളും കേസിന്റെ ദിശ മാറ്റിയിരിക്കുന്നു.

അന്താരാഷ്ട്ര കടൽ നിയമങ്ങൾ പാലിക്കാതെയാണ് ഇറ്റാലിയൻ ചരക്കുകപ്പൽ അറേബ്യൻ കടലിലൂടെ സഞ്ചരിച്ചതും മത്സ്യതൊഴിലാളികളുടെ നേർക്ക് തുരുതുരാ വെടി ഉദിർത്തതും. ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും പോർട്ട് ട്രസ്റ്റിന്റെയും അധികൃതർ എവിയായിരുന്നുവെന്ന ചോദ്യം അവശേഷിക്കുന്നു.

ആഴക്കടൽ മീൻപിടിത്തത്തിലേർപ്പെടുന്ന മത്സ്യതൊഴിലാളികൾ പലരും ഇപ്പോൾ പണിക്കു പോകുന്നില്ല. ഭീതിയുടെ നിഴലിലാണവർ കഴിയുന്നത്.

കടൽ വെടിവെയ്പ്പിന്റെ മുഖ്യ ഉത്തരവാദിയായ ക്യാപ്റ്റനെ അറസ്റ്റ് ചെയ്യണമെന്നും വെടിവയ്പിൽ മരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി വിവിധ മത്സ്യതൊഴിലാളി സംഘടനകൾ പ്രക്ഷോഭരംഗത്താണ്.

തിരുവനന്തപുരത്ത് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെയും തമിഴനാട് ആഴക്കടൽ മത്സ്യതൊഴിലാളി യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ മത്സ്യതൊഴിലാളികൾ സെക്രട്ടറിയേറ്റ് നടയിൽ ധർണ്ണ നടത്തി. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി. പീറ്റർ ധർണ്ണ ഉത്ഘാടനം ചെയ്തു. രണ്ട് ഇറ്റാലിയൻ ഭടന്മാരെ മാത്രം അറസ്റ്റ് ചെയ്യുകയും വെടിവെയ്പിന്റെ മുഖ്യ ഉത്തരവാദിയായ ക്യാപ്റ്റനെ അറസ്റ്റ് ചെയ്യാതിരിക്കുകയും ചെയ്യുന്നതിൽ ദുരൂഹതയുണ്ടെന്നും ഇതിനെതിരെ മത്സ്യതൊഴിലാളികൾ കടലിലും കരയിലും സമരം വ്യാപിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മത്സ്യതൊഴിലാളികൾ ഇപ്പോൾ ഭീതിയിലാണ് കഴിയുന്നത്. മത്സ്യതൊഴിലാളികളുടെ ജീവനും തൊഴിലിനും സംരക്ഷണം ഉറപ്പ് വരുത്താൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപടി കൈക്കൊള്ളണം. വെടിവെയ്പ്പിൽ മരണമടഞ്ഞ തമിഴ്നാട്ടിലെയും കേരളത്തിലെയും തൊഴിലാളികളുടെ ആശ്രിതരെ ഒരുപോലെ സഹായിക്കാൻ സർക്കാർ തയ്യാറാകണം. ഇൻഡ്യൻ നേവിയും കോസ്റ്റ് ഗാർഡും മറൈൻ എൻഫോഴ്സ്മെന്റും കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള കടലിൽ ഉടനെ പട്രോളിംഗ് ആരംഭിക്കണമെന്ന് ടി. പീറ്റർ ആവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി പി.പി ജോൺ, ആഴക്കടൽ മത്സ്യതൊഴിലാളി യൂണിയൻ മുഖ്യ കാര്യദർശി വിൻസെന്റ് ജെയിൻ, ആന്റോ ഏലിയാസ്, ഉബാൾഡ് സേവ്യർ, വി. റൊമാൻസ്, വലേരിയൻ ഐസക്, ബേബിജോൺ, എലിസബത്ത് ആന്റണി, ജെ.പി. ജോൺ, സേവ്യർകുലാസ്, അപ്സലോൺ എന്നിവർ പ്രസംഗിച്ചു.

കൊല്ലത്ത് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് മത്സ്യതൊഴിലാളികൾ കളക്ട്രേറ്റിലേക്ക് മാർച്ചുചെയതു. ബിഷപ്പ് സ്റ്റാൻലി റോമൻ മാർച്ച് ഉത്ഘാടനം ചെയ്തു. പി.കെ. ഗുരുദാസൻ എം.എൽ.എ., മേഴ്സികുട്ടിയമ്മ, നെയ്ത്തിൽ വിൻസെന്റ്, എ.ആൻഡ്രൂസ്, ഫാ. രാജേഷ് മാർട്ടിൻ, ഫാ. സ്റ്റീഫൻ കുളക്കായത്തിൽ, കെ.സി. രാജൻ എന്നിവർ പ്രസംഗിച്ചു.

എറണാകുളത്ത് ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ മത്സ്യതൊഴിലാളികൾ കൊച്ചി പോർട്ട് ട്രസ്റ്റ് ഓഫീസിലേക്ക് മാർച്ച് ചെയ്തു. ചാൾസ് ജോർജ്, പി.വി. വിൽസൺ, കെ.ജെ. ആന്റണി, ജാക്സൺ പൊള്ളയിൽ, എൻ.ജെ. ആന്റണി എന്നിവർ നേതൃത്വം നൽകി.



വഴിയോര ചന്തയിൽ നിന്നും മത്സ്യവിപണന സ്ത്രികളെ ഒഴിപ്പിച്ച പഞ്ചായത്ത് അധികൃതരുടെ നടപടിയിൽ പ്രതിഷേധിച്ച് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പ്രവർത്തകർ അണ്ടൂർക്കോണം പഞ്ചായത്ത് ഓഫീസ് ഉപരോധിക്കുന്നു

## ഫോട്ടോ മത്സര വിജയികൾക്ക് മേയർ കെ. ചന്ദ്രിക സമ്മാനങ്ങൾ വിതരണം ചെയ്തു



തിരുവനന്തപുരം: " മാലിന്യ രഹിത തീരം - ഹരിതഗ്രാമം - മനോഹരനഗരം - ആരോഗ്യ പരിസ്ഥിതിയ്ക്കാവശ്യം " എന്ന വിഷയത്തിന്മേൽ ആക്ഷൻ വിന്റോ ഫോർ അവേർണസ് റിസർച്ച് എൻവയോൺമെന്റും (അവേർ) കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും സംയുക്തമായി സംഘടിപ്പിച്ച ഫോട്ടോമത്സരം പ്രസ് ക്ലബ്ബ് ഹാളിൽ നഗരസഭാ മേയർ കെ. ചന്ദ്രിക ഉദ്ഘാടനം ചെയ്തു. നഗരത്തിന്റെ മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കുന്നതിന് ജനങ്ങളുടെ സഹകരണം ആവശ്യമാണെന്നും മാലിന്യരഹിത മനോഹര നഗരമാണ് ലക്ഷ്യമെന്നും അവർ പറഞ്ഞു. ജില്ലയിലെ പല ഭാഗങ്ങളിലും കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ ദുർഗന്ധം പരത്തുകയാണെന്നും പലവിധ രോഗങ്ങൾക്ക് ഇടവരുത്തുകയും കുടിവെള്ള സ്രോതസ്സിനെ പോലും ബാധിക്കുകയാണ്. അതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ബോധവൽക്കരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കണമെന്ന് മേയർ പറഞ്ഞു.

ജി.ശങ്കർ, സി.എസ്.സതീഷ് ബാബു എന്നിവരടങ്ങിയ ജൂറിയാണ് ഫോട്ടോ മത്സര വിജയികളെ തെരഞ്ഞെടുത്തത്. സ്കൂൾ വിഭാഗത്തിൽ എച്ച്.എസ്. ശ്രീജിത് ഒന്നാം സമ്മാനവും കുമാരി പവിത്രയും കുമാരി സിന്ധുജയും രണ്ടാം സമ്മാനവും, കോളേജ് വിഭാഗത്തിൽ ഗോഡ്വിൻ ഒന്നാം സമ്മാനവും കരസ്ഥമാക്കി.

അവേർ ചെയർമാൻ വിൻസന്റ് ജെയിൻ, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് ടി പീറ്റർ, പ്രോഗ്രാം കൺവീനർ ഉബാൾഡ് സേവ്യർ എന്നിവർ പ്രസംഗിച്ചു.



പി.സി. ബെൻ



ജേക്കബ് ജോൺ



പി.ഐ. ബെന്നി



ഫ്രാൻസിസ് പരുമല

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ഉൾനാട് ജില്ലാ പ്രസിഡന്റായി പി.സി. ബെന്നിനെയും സെക്രട്ടറിയായി ജേക്കബ് ജോണിനെയും പത്തനംതിട്ട ജില്ലാ പ്രസിഡന്റായി പി.ഐ. ബെന്നിയെയും സെക്രട്ടറിയായി ഫ്രാൻസിസ് പരുമലയെയും തെരഞ്ഞെടുത്തു.

**കേരള പ്രദേശ് മത്സ്യതൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായി ഓസ്റ്റിൻ ഗോമസിനെ തെരഞ്ഞെടുത്തു**



# കടൽ വെടിവെയ്പ്പ് : മീൻപിടിത്തക്കാരോടുള്ള വെല്ലുവിളി

രണ്ട് ഇൻഡ്യൻ മീൻപിടിത്തക്കാരെ ഇൻഡ്യൻ സമുദ്രാതിർത്തിക്കുള്ളിൽ വെച്ച് ഇറ്റാലിയൻ ചരക്ക് കപ്പലിലെ ഭടന്മാർ വെടിവച്ചുകൊന്ന സംഭവം മത്സ്യതൊഴിലാളികളിൽ മാത്രമല്ല, പൊതുസമൂഹത്തിലും ഞെട്ടൽ ഉളവാക്കിയിരിക്കുന്നു. മത്സ്യതൊഴിലാളികൾക്ക് സ്വതന്ത്രമായി നമ്മുടെ കടലിൽ മീൻപിടിക്കാനുള്ള അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണ് ഇവിടെ നടന്നിരിക്കുന്നത്. അന്യദേശക്കാരുടെ ധിക്കാരം നമ്മുടെ കടലിൽ അനുവദിച്ചതിന്റെ ഉത്തരവാദികളാരാണ്?

ശക്തമായ കാറ്റിലും കോളിലുംപെട്ട് ഇൻഡ്യൻ സമുദ്രാതിർത്തി കടന്ന നിരവധി മത്സ്യതൊഴിലാളികളെ ബംഗ്ലാദേശ്, ശ്രീലങ്ക, പാക്കിസ്ഥാൻ എന്നീരാജ്യങ്ങളിലെ കോസ്റ്റ്ഗാർഡ് അറസ്റ്റ് ചെയ്തു ജയിലിലടച്ചിട്ടുണ്ട്. അവർ ആരെയും വെടിവെച്ച് കൊന്ന ചരിത്രമില്ല. ബ്രിട്ടീഷ് ഭരണവാഴ്ചയ്ക്ക് ശേഷം മത്സ്യതൊഴിലാളികളുടെ നേർക്കുള്ള യൂറോപ്യൻ ജനതയുടെ നീചമായ സമീപനത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഈ അരുംകൊല.

ഇൻഡ്യയിലെ കപ്പൽ ഗതാഗത മന്ത്രാലയം, കേന്ദ്ര തുറമുഖ വകുപ്പ്, ഇൻഡ്യൻ നേവി, കോസ്റ്റ്ഗാർഡ്, കാലാവസ്ഥാ നിരീക്ഷണകേന്ദ്രം, സംസ്ഥാന മറൈൻ എൻഫോഴ്സ്മെന്റ് തുടങ്ങിയ ഏജൻസികൾ സംഭവ സമയത്ത് എവിടെയായിരുന്നു? ഈ ഏജൻസികളെക്കൊണ്ട് മത്സ്യതൊഴിലാളികൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല എന്നത് ഖേദകരമാണ്.

തീരകടലിലൂടെയുള്ള ഇറ്റാലിയൻ കപ്പലിന്റെ സഞ്ചാരദിശയും മറ്റ് സംഭവ വികാസങ്ങളും തിരിച്ചറിയാൻ കൊച്ചിയിലെ പോർട്ട് ട്രസ്റ്റ് അധികൃതർക്ക് കഴിയാതെപോയത് എന്തുകൊണ്ട്? ഇവയൊക്കെ പരിശോധിക്കപ്പെടേണ്ടതാണ്.

തീരക്കടലിൽ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ പരമ്പരാഗത - ചെറുകിട മത്സ്യതൊഴിലാളികൾ ഇപ്പോൾ ആഴക്കടൽ മത്സ്യബന്ധനത്തിന് പോകാൻ നിർബന്ധിതരായിരിക്കുന്നു. യന്ത്രവത്കൃതബോട്ടിൽ ഒരാഴ്ച മുതൽ ഒരു മാസം വരെ കടലിൽ തങ്ങി ആഴക്കടൽ മീൻപ്പിടിത്തത്തിലേർപ്പെടുന്ന (തങ്ങൽ മീൻപിടിത്തം) മത്സ്യതൊഴിലാളികൾ നിരവധിയാണ്. ഈ മത്സ്യതൊഴിലാളികൾക്ക് വേണ്ട പരിരക്ഷ നൽകാൻ നമ്മുടെ ഭരണസംവിധാനങ്ങൾക്ക് കഴിയാത്തത് എന്തുകൊണ്ട്? ഏറ്റവും നല്ല പ്രോട്ടീൻ ആഹാരമായ മത്സ്യം ബഹുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനും ഗണ്യമായ വിദേശനാണ്യം രാജ്യത്തിന് നേടിക്കൊടുക്കുന്നതിനും മത്സ്യതൊഴിലാളികൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നവരാണ്. 6000 കി.മീ. ദൈർഘ്യമുള്ള ഇന്ത്യൻ കടലോരത്തിന്റെ സംരക്ഷകരും മീൻപിടിത്തക്കാരാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. മത്സ്യതൊഴിലാളികൾ രാത്രിയും പകലും കടലിൽ ജാഗ്രതയോടെ നിലകൊള്ളുന്നതിനാലാണ് അന്യദേശത്തെ നുഴഞ്ഞുകയറ്റക്കാർക്ക് നമ്മുടെ രാജ്യത്തേയ്ക്ക് കടന്നു വരാൻ കഴിയാത്തത്. മത്സ്യതൊഴിലാളികൾ കടൽക്കൊള്ളക്കാരാണെന്ന് ചിത്രീകരിക്കാനാണ് ഇറ്റാലിയൻ ഭടന്മാർ ശ്രമിച്ചത്. നിരായുധരായ മത്സ്യതൊഴിലാളികൾ എങ്ങനെ കടൽക്കൊള്ളക്കാരാകും? കൊല്ലം പുറംകടലിൽ നടന്നത് ആസൂത്രിതമായ അരുംകൊലയായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു. നമ്മുടെ കടലിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും, അതിന്റെ മറവിൽ വിദേശ മീൻപിടിത്തക്കപ്പലുകൾക്ക് നമ്മുടെ കടൽ സമ്പത്ത് കൊള്ളയടിക്കാനുള്ള അവസരം ഒരുക്കലാണെന്ന് സംശയിക്കേണ്ടിരിക്കുന്നു.

ഇൻഡ്യയിലെ മത്സ്യതൊഴിലാളികൾക്ക് 200 നോട്ടിക്കൽ മൈൽ വരെയുള്ള കടലിൽ മീൻപിടിക്കാനുള്ള അവകാശമുണ്ട്. പലപ്പോഴും വിദേശകപ്പലുകൾ 25 നോട്ടിക്കൽ മൈൽവരെയുള്ള കടലിലൂടെയാണ് സഞ്ചരിക്കുന്നത്. ഇതിനുമുൻപും കപ്പലിടിച്ച് നിരവധി വള്ളങ്ങളും ബോട്ടുകളും തകർന്നിട്ടുണ്ട്. മത്സ്യതൊഴിലാളികൾ പലരും മരണമടഞ്ഞിട്ടുമുണ്ട്. മത്സ്യതൊഴിലാളികൾ നീട്ടിയിടുന്ന വലകൾ കീറിമുറിച്ചാണ് ഇത്തരം കപ്പലുകളുടെ സഞ്ചാരം. ഇൻഡ്യൻനേവി, കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് തുടങ്ങിയ ഏജൻസികൾ നോക്കുകുത്തിയായി നിൽക്കുകയാണ് പതിവ്. വിദേശ കപ്പലുകളുടെ ആക്രമണം ഭയന്ന് മത്സ്യതൊഴിലാളികൾ ഭീതിയോടെയാണ് കടലിൽ പോകുന്നത്. മത്സ്യതൊഴിലാളികളുടെ ജീവനും തൊഴിലിനും സുരക്ഷിതത്വം നൽകേണ്ട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊന്നും ചെയ്യുന്നില്ല. കടലിൽ സ്ഥിരമായി പട്രോളിംഗ് ഏർപ്പെടുത്തിയാൽ മത്സ്യതൊഴിലാളികളുടെ ആത്മധൈര്യം വീണ്ടെടുക്കാനാകും. നിർദ്ദിഷ്ട കപ്പൽചാലിലൂടെ സഞ്ചരിക്കേണ്ട കപ്പലുകൾ പരിധി ലംഘിച്ചാൽ കൈയ്യോടെ പിടികൂടാനുള്ള കർമ്മശേഷി നമ്മുടെ സൈന്യത്തിനും ഏജൻസികൾക്കും ഉണ്ടാകണം.

സോമാലിയയിൽ കടൽക്കൊള്ളക്കാർ എങ്ങനെ ഉണ്ടായെന്ന് ചിന്തിക്കേണ്ട സമയംകൂടിയാണിത്. മത്സ്യസമ്പത്തിനാൽ സമൃദ്ധമായിരുന്ന സോമാലിയൻ കടലിൽ വൈദേശിക ശക്തികളുടെ കടന്നുകയറ്റം അവിടത്തെ സാമ്പത്തിക സന്തുലിതാവസ്ഥയെ തകിടം മറിക്കുകയാണ് ഉണ്ടായത്. വൻകിട വിദേശ മീൻപിടിത്തക്കപ്പലുകൾ മത്സ്യസമ്പത്ത് മുഴുവൻ കോരിയെടുത്തു. അവരുടെ മറ്റു വിഭവങ്ങളും വൈദേശിക ശക്തികൾ തട്ടിയെടുക്കുകയുണ്ടായി. തന്മൂലം സോമാലിയൻ ജനത കൊടും പട്ടിണിക്കാരായി മാറി. ഇത് അവിടത്തെ ചെറുപ്പക്കാരിൽ പ്രതികാരാഗ്നി ആളിപ്പടരാൻ ഇടയാക്കി. വിദേശക്കപ്പലുകളെ കടലിൽ കൊള്ളയടിക്കേണ്ടി വന്നത് ആ ചെറുപ്പക്കാരുടെ ധനസമാഹരണത്തിനു വേണ്ടിയായിരുന്നില്ല, മറിച്ച് പട്ടിണിപാവങ്ങൾക്ക് ഒരുനേരത്തെയെങ്കിലും ആഹാരത്തിന് വക തേടാൻ വേണ്ടിയാണെന്നുള്ള വസ്തുത നാം തിരിച്ചറിയണം.

മത്സ്യതൊഴിലാളികളുടെ പോറ്റമ്മയായ കടലമ്മയെ വന്ധ്യയാക്കാൻ ആരെയും അനുവദിച്ചുകൂടാ. നമ്മുടെ കടലിൽ സ്വതന്ത്രമായി മീൻ പിടിക്കുവാനുള്ള പരമ്പരാഗത-ചെറുകിട മത്സ്യതൊഴിലാളികളുടെ അവകാശം ആർക്കം തീറെഴുതാനുമാവില്ല. ഇത് മത്സ്യതൊഴിലാളികളുടെ മാത്രം ആവശ്യമല്ല, പൊതുസമൂഹത്തിന്റെയും രാജ്യത്തിന്റെയും ആവശ്യം കൂടിയാണ്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നയസമീപനത്തിൽ മാറ്റം അനിവാര്യമാണ്. മത്സ്യതൊഴിലാളികൾക്ക് രാജ്യത്തെ ഇതര പൗരന്മാരെപ്പോലെ ജീവിക്കാനുള്ള അവകാശമുണ്ടെന്ന തിരിച്ചറിവും ഭരണകർത്താക്കൾക്ക് ഉണ്ടാകണം.

**അലകൾ**

# മത്സ്യബന്ധന മേഖലയിലെ കൊല

**എസ്. രവീന്ദ്രൻ നായർ** *(മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ)*

കേരളത്തിന്റെ തീരത്തു രണ്ടു മത്സ്യതൊഴിലാളികളെ ഇറ്റാലിയൻ കപ്പലിലെ നാവികർ വെടിവച്ചു കൊന്നു. അടുത്തിടെ എല്ലാ പേരുടെയും ശ്രദ്ധ ആകർഷിച്ച സംഭവം. അമ്മയെ തല്ലിയാലും രണ്ടഭിപ്രായമുള്ള നമ്മുടെ നാട്ടിൽ സ്വാഭാവികമായും ഈ സംഭവം വിവാദങ്ങൾക്ക് തിരികൊളുത്തി. മത്സ്യതൊഴിലാളികളുടെ ഉപജീവന സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ടല്ല ഈ വിഷയം കേരളത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. ഇതിന്റെ ഇറ്റാലിയൻ ബന്ധവും വാദമുഖങ്ങളുമാണ് മുഖ്യമായും ചർച്ച ചെയ്യപ്പെട്ടത്. സർക്കാരിന്റെ വിദേശ നയതന്ത്രം, കടൽ വെടി മേഖല സോണിയാ ഗാന്ധി, വത്തിക്കാൻ, കർദിനാൾ, ഇറ്റലിയുടെ ധാർഷ്ട്യം തുടങ്ങി ഒട്ടനവധി വിഷയങ്ങളും പേരുകളും ഇതിലേക്ക് വലിച്ചിഴക്കപ്പെട്ടു. ചിലതൊക്കെ ആവശ്യമായിരുന്നു. പലതും അനാവശ്യവും. ഇതിനിടയിൽ മത്സ്യതൊഴിലാളികൾ ചോദിച്ച ഒരേ ഒരു ചോദ്യമുണ്ട്. ഞങ്ങൾക്ക് എവിടെ അല്ലെങ്കിൽ എവിടെവരെ പോയി മീൻ പിടിക്കാനുള്ള അവകാശമുണ്ട്?

കടൽ വെടിവയ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിലേയും തമിഴ്നാട്ടിലേയും മത്സ്യതൊഴിലാളികൾ സംയുക്തമായി സംഘടിപ്പിച്ച ചർച്ചയിൽ കേട്ട കാര്യങ്ങൾ മാത്രമാണ് ഇവിടെ പരമാർശിക്കുന്നത്.

കരയിൽ നിന്ന് 22 കി.മീ വരെയുള്ള കടൽപ്രദേശമാണ് രാജ്യത്തിന്റെ ഭൂപ്രദേശ സമുദ്രാതിർത്തി. ഇനിയുമൊരു 22 കി.മീ പ്രദേശത്തെ സമീപ സമുദ്രപ്രദേശമായി കണക്കാക്കുന്നു. മൊത്തത്തിലുള്ള 370 കി.മീ വരെയുള്ള പ്രദേശത്തെ തനത് സാമ്പത്തിക മേഖലയായി കണക്കാക്കുന്നു. ഭൂപ്രദേശ സമുദ്രാതിർത്തിയിൽ സിവിൽ, ക്രമിനൽ നിയമനടപടികളെടുക്കുലന്നതിനുള്ള പരമാധികാരവും സമീപസമുദ്രാർത്തിക്കുള്ളിൽ നികുതിനിയമങ്ങളും സാമ്പത്തിക വിഭവ നിയമങ്ങളും നടപ്പാക്കാനുള്ള അധികാരവും തനത് സാമ്പത്തിക മേഖലയിൽ വിഭവ സമാഹരണത്തിനുള്ള അവകാശവും അധികാരവും നമ്മുടെ രാജ്യത്തിനുണ്ട്. ഇതിനെതിരെയുള്ള ഏതു പ്രവർത്തനങ്ങളെയും ചെറുക്കുന്നതിനും നടപടികളെടുക്കുന്നതിനും നമ്മുടെ രാജ്യത്തിന് അവകാശമുണ്ട്.

ഇതാണ് നിയമമെങ്കിൽ തനത് സാമ്പത്തിക മേഖലവരെയുള്ള പ്രദേശത്ത് മത്സ്യവിഭവശേഖരണത്തിനുള്ള അവകാശം നമ്മുടെ മത്സ്യതൊഴിലാളികൾക്കു മാത്രം. അവരുടെ സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള ബാധ്യത സർക്കാരിനും. ഈ അവകാശത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽമേൽ ഇൻഡ്യൻ നിയമപ്രകാരമുള്ള നടപടി എടുക്കാവുന്നതാണ്.

എന്തായിരുന്നു ഇറ്റലിയുടെ വാദമുഖങ്ങൾ? ഞങ്ങൾ വെടിവച്ചത് മത്സ്യതൊഴിലാളികളെയല്ല, കടൽകൊള്ളക്കാരെയാണ്. അന്താരാഷ്ട്ര കപ്പൽചാലിൽവച്ചാണ് വെടിവച്ചത്. ഇന്ത്യയുടെ നിയമങ്ങൾ ഞങ്ങൾക്ക് ബാധകമല്ല. കേരളത്തിന്റെ ഭൂപ്രദേശത്തിനോട് ചേർന്ന് കിടക്കുന്ന തനത് സാമ്പത്തികമേഖലവരെയുള്ള കടൽ പ്രദേശത്ത് ടെറിട്ടോറിയൽ മേഖലയിൽപോലും കപ്പൽ ചാലുണ്ട്. സമീപ സമുദ്രമേഖലയിൽ കപ്പൽ ചാലുകൾ നിരവധി. ഇത്തരം കപ്പൽ ചാലുകളിൽ വച്ച് വെടിവയ്ക്കാമെന്ന ഇറ്റലിയുടെ ധാർഷ്ട്യം ഏതു നയതന്ത്ര ബന്ധത്തിന്റെ പേരിലായാലും അംഗീകരിക്കാൻ നിർവാഹമില്ല. കടലിൽ പോയിട്ടുള്ള ആർക്കുമറിയാം, ഓടികൊണ്ടിരിക്കുന്ന ഒരു ചരക്കു കപ്പലിന്റെ അരികിലേക്ക് ഒരു മത്സ്യബന്ധനയാനത്തിന് കടന്നു ചെല്ലാൻ കഴിയില്ല. കടൽ കൊള്ളക്കാരുടെ ഓപ്പറേഷൻ വ്യത്യസ്ഥ രീതിയിലാണ്. അതു മനസ്സിലാക്കുവാനുള്ള സാമാന്യ ബോധമൊക്കെ ഇറ്റാലിയൻ സൈനികർക്കുണ്ട്. അപ്പോൾ മത്സ്യബന്ധനയാനമെന്നറിഞ്ഞ് കൊണ്ട് തന്നെയാണ് ഇറ്റാലിയൻ സൈനികർ വെടിവച്ചത്. പിന്നെന്തുകൊണ്ട് ഇറ്റലി ഇങ്ങനെയൊരു വാദമുഖമുയർത്തി? ക്രിമിനലുകളാണെങ്കിൽ പോലും തങ്ങളുടെ പൗരന്മാരെ രക്ഷിച്ചെടുക്കാനുള്ള ദേശീയ ബോധം. ഇതു മാത്രമല്ല ഇൻഡ്യയ്ക്ക് ഒരു തനത് സാമ്പത്തികമേഖലാ നിയമമുണ്ട്. 1981 ലെ സമുദ്രനിയമങ്ങളുടെ അന്താരാഷ്ട്ര കൺവെൻഷന്റെ പ്രമാണങ്ങൾ പ്രകാരം ഇൽഡ്യയുടെ തനത് സാമ്പത്തിക മേഖലയിൽ നിയമപ്രകാരമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അവകാശം നമുക്ക് ഉണ്ടായിരുന്നു. ഇത്തരം ശക്തമായ ചട്ടങ്ങൾ നിർമ്മിച്ചിരുന്നുവെങ്കിൽ ഓരോ സമുദ്രമേഖലയിലും എന്തൊക്കെയെന്നും അത് ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളെന്നും വ്യക്തമായി പ്രതിപാദിക്കാമായിരുന്നു. ഇത്തരത്തിലുള്ള ചട്ടങ്ങൾ ഇൻഡ്യ ഉണ്ടാക്കിട്ടില്ലെന്നും ആ ദൗർബല്യത്തെ മുതലെടുക്കാമെന്നുമാണ് ഇറ്റലി ചിന്തിച്ചത്. ഇപ്പോൾ സംഭവിച്ച കടൽ വെടിവയ്പിന്റെ പരിണതഫലം എന്തു തന്നെയായാലും നമ്മുടെ കടൽമേഖലാനിയമത്തിന്റെ ശക്തമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ അടിയന്തിര ശ്രദ്ധ നല്കേണ്ടതാണ്.

വിവാദങ്ങൾ നീട്ടികൊണ്ട് പോയതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പങ്കുണ്ട്. ഇന്ത്യൻ നിയമം ബാധകമായ പ്രദേശത്ത് വച്ചല്ല വെടിവച്ചത് എന്നതായിരുന്നു ഇറ്റലിയുടെ പ്രധാനവാദം. ഇൻഡ്യൻ സമുദ്രാതിർത്തിയിൽ ഒരു കപ്പൽ കടന്നാൽ തന്നെ അത് ഏതു പ്രദേശത്ത് എന്നൊക്കെ നിരന്തരം രേഖപെടുത്തുന്ന റഡാർ സംവിധാനങ്ങളും ഇതര സാങ്കേതിക വിദ്യകളും നമ്മുടെ രാജ്യത്തിനുണ്ട്. ഇറ്റാലിയൻ കപ്പലിന്റെ നാവിഗേഷൻ ചാർട്ട് പരിശോധിക്കാൻ ഇറ്റലിയിൽ നിന്നും വിദഗ്ധർ വരണമെന്നില്ല. അതിനു പ്രാപ്തമായ ഇന്ത്യൻ നിയമങ്ങൾനിലവിലുണ്ട്. അതൊക്കെ പ്രാവർത്തികമാക്കിയിരുന്നെങ്കിൽ കൃത്യം നടന്ന് മണിക്കൂറുകൾക്കകം സ്ഥലം, നിയമം, നടപടി ഇവയൊക്കെ സർക്കാരിന് പ്രഖ്യാപിക്കാമായിരുന്നു. മത്സ്യതൊഴിലാളികൾ കരയിൽവന്ന് മാധ്യമങ്ങളെയൊക്കെ അറിയിച്ച് അതുവഴി മാത്രമാണ് നമ്മുടെ സംരക്ഷണസേനകൾ തന്നെ വിവരമറിയുന്നത്. കുറേകൂടി ജാഗ്രത പുലർത്തിയിരുന്നെങ്കിൽ നിർദോഷരായ മത്സ്യതൊഴിലാളികൾക്കു നേരെയുള്ള ആക്രമണത്തിന്റെ പേരിൽ ഇറ്റലിബന്ധവും പിറവം ഉപതിരഞ്ഞെടുപ്പുമൊന്നും കടന്നു വരില്ലായിരുന്നു.

സർക്കാർ പ്രഖ്യാപിച്ച സമാശ്വാസ നടപടികൾ ശ്ലാഘനീയമാണ്. അടിയന്തിര സഹായം നല്കിയത്, ജലസ്റ്റിന്റെ വിധവയ്ക്ക് സമാശ്വാസ സർക്കാർ ജോലി ഇവയൊക്കെ സ്വാഗതാർഹമാണ്. സർക്കാർ ജോലി പെട്ടെന്ന് പ്രാവർത്തികമാകുമെന്ന് പ്രതീക്ഷിക്കാം.

എന്നാൽ മത്സ്യതൊഴിലാളികളുടെ ആശങ്ക ഇനിയും നിലനില്ക്കുന്നു. കേന്ദ്രസർക്കാരിന്റെ 2004 ലെ മത്സ്യബന്ധന നയപ്രകാരം ടെറിട്ടോറിയൽ മേഖലയ്ക്ക് വെളിയിൽ പോയി മത്സ്യബന്ധനം നടത്തുന്നതിന് സർക്കാർ ഒട്ടേറെ പ്രോത്സാഹന പദ്ധതികളാണ് നടപ്പിലാക്കുന്നത്. അതിൻ പ്രകാരം മൂവായിരത്തോളം ഔട്ട്ബോർഡ് യാനങ്ങളും അയ്യായിരത്തോളം യന്ത്രവൽകൃത യാനങ്ങളും സമീപസമുദ്രമേഖലയിലും തനത് സാമ്പത്തികമേഖലയിലും മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇവരുടെ സ്വത്തിനും ജീവനും എന്താണ് സുരക്ഷ ?

സംസ്ഥാന മത്സ്യബന്ധന പ്രക്രിയകളിൽ വന്ന മാറ്റം കണക്കിലെടുത്ത് ടെറിട്ടോറിയൽ മേഖലയുടെ അതിർത്തി 44 കി. മീറ്ററായും സമീപ സമുദ്രമേഖയുടെ അതിർത്തി 88 കി.മീറ്ററായും നിർണ്ണയിച്ച് സമുദ്രമേഖലാ നിയമത്തിൽമാറ്റം വരുത്തേണ്ടതാണ്. കോസ്റ്റ്ഗാർഡ്, നേവി എന്നിവയ്ക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ നല്കി തീരസംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തിയാലും പ്രയോഗത്തിൽ വീഴ്ചകൾ സംഭവിക്കാം. ആയതിനാൽ സമുദ്രനിയമങ്ങൾ ശക്തിപെടുത്തേണ്ടിയിരിക്കുന്നു. സമുദ്രനിയമങ്ങളുടെ അന്താരാഷ്ട്ര കൺവെൻഷന്റെ പ്രമാണങ്ങൾ കണക്കിലെടുത്തുകൊണ്ടു തന്നെ നമ്മുടെ നിയമങ്ങളിൻമേലുള്ള ചട്ടങ്ങൾ നിർമ്മിക്കേണ്ടതാണ്. ശക്തമായ നിയമങ്ങൾ നമ്മുടെ രാജ്യത്ത് നിലനില്ക്കുന്നുഎന്ന സന്ദേശം കടൽ വെടിവെയ്പ്പുകൾ ആവർത്തിക്കാതിരിക്കാനുള്ള ഉപാധിയാണ്.

മത്സ്യതൊഴിലാളികളുടെ ഉപജീവനവും , ജീവനും സംരക്ഷിക്കേണ്ട ചുമതല സർക്കാരുകൾക്കാണ്. മത്സ്യതൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത്, കേന്ദ്രസർക്കാർ ഒരു കടൽ സുരക്ഷാപോളിസി തയ്യാറാക്കേണ്ടതാണ്.

ചരക്കുകപ്പലുകൾ, വിദേശ മത്സ്യബന്ധനയാനങ്ങൾ എന്നിവകൾ മൂലം ചെറുകിട മത്സ്യബന്ധനയാനങ്ങൾക്ക് പലപ്പോഴും കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. യാനങ്ങൾക്ക് കേടുപാട്, വലകളുടെ നാശം എന്നിവ നിത്യസംഭവമാണ്. ഇങ്ങനെയുള്ള നഷ്ടങ്ങൾ ഒരു ദുരന്തമായി കണക്കാക്കി ഒരു പരിഹാര പാക്കേജ് തയ്യാറേക്കതാണ്.

ജലസ്റ്റിന്റെ വിധവയ്ക്ക് സർക്കാർ വാഗ്ദാനം ചെയ്ത ജോലി താമസംവിനാ ലഭ്യമാക്കേണ്ടതാണ്. മത്സ്യഫെഡ്, മത്സ്യബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ കാലതാമസം നേരിടുന്നുണ്ട്. ഇക്കാര്യത്തിലെങ്കിലും ഈ ഏജൻസികളിൽ നിന്നും ജലസ്റ്റിന്റെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

വെടിവച്ച ഇറ്റാലിയൻ സൈനികർക്കും അവർക്ക് ഒത്താശ നല്കിയ ഇതര കപ്പൽ ജീവനക്കാർക്കും തക്കതായ ശിക്ഷ ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സംഭവങ്ങൾ നമ്മുടെ കടലിൽ ആവർത്തിക്കാതിരിക്കാനും അതുവഴി മത്സ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താനും ഇത് അത്യന്താപേക്ഷിതമാണ്.

അന്താരാഷ്ട്ര നിലവാരമുള്ള നഷ്ടപരിഹാരതുക ഇറ്റാലിയൻ കപ്പൽ ഉടമകളിൽ നിന്ന് ഈടാക്കി മരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. സമാനമായ ആനുകൂല്യങ്ങൾ മരണമടഞ്ഞ തമിഴ്നാട്ടിലെ മത്സ്യതൊഴിലാളിയുടെ ആശ്രിതർക്കും ലഭ്യമാകുന്നതിന് കേരളസർക്കാർ ശ്രമിക്കേണ്ടതാണ്.

നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിച്ച് നമ്മുടെ സമുദ്രവിഭവങ്ങൾ കൊള്ളയടിക്കുന്നതിനുള്ള അവസരം വിദേശ മീൻപിടിത്ത ലോബികൾ സൃഷ്ടിക്കുന്നുണ്ടോ എന്ന് മത്സ്യതൊഴിലാളികൾ ആശങ്കപെടുന്നു. ഈ ആശങ്ക ദൂരീകരിക്കുന്നതിന് വിദേശമീൻപിടുത്ത കപ്പലുകളുടെ കടന്നുകയറ്റം പൂർണ്ണമായും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കേണ്ടതാണ്.

# അനങ്ങാപ്പാറകളായ അധികാരികളെ പിടിച്ചുകുലുക്കാൻ പാകത്തിൽ മത്സ്യത്തൊഴിലാളികൾ ഉയരണം

– മാർഷൽ ഫ്രാങ്ക് (കൊല്ലം)

1980 കാലഘട്ടം. കേരളത്തിലെ യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുടമ സംഘടനയുടെ നേതാക്കൾ, അവരുടെ ചില ആവലാതികൾക്കു പരിഹാരം തേടി കേന്ദ്രഭരണാധികാരികളെ കാണുവാൻ ഡൽഹിയിലേക്കു പോയി. അധികാരികളെ കണ്ടു നിവേദനം സമർപ്പിക്കുന്നതിനും ആയതു വിശദീകരിക്കുന്നതിനും ചിറയിൻകീഴിൽ (ഇപ്പോൾ ആറ്റിങ്ങൽ) നിന്നുള്ള പാർലമെന്റംഗം എ.എ.റഹീം അവരോടൊപ്പം ചേർന്നു. കേന്ദ്രധനകാര്യ വകുപ്പു മന്ത്രിയെ കണ്ടു ഡീസൽ സബ്സിഡി ഉൾപ്പെടെയുള്ള ആവശ്യങ്ങളെ സംബന്ധിച്ചു നിവേദനം സമർപ്പിച്ചു. ഒക്കെ സശ്രദ്ധം ശ്രവിച്ച മന്ത്രി ഇതിനായുള്ള ശുപാർശകൾ വരേണ്ടതു ഫിഷറീസ് വകുപ്പിൽനിന്നാണെന്നും കേന്ദ്രത്തിൽ ഫിഷറീസ് വിഭാഗം കൈകാര്യ ചെയ്യുന്ന കൃഷി വകുപ്പു മന്ത്രിയെക്കണ്ടു ചർച്ചചെയ്തു ബോദ്ധ്യപ്പെടുത്തി ശുപാർശ അയപ്പിക്കുവാൻ ഉപദേശം നല്കി. അതിൻപ്രകാരം കൃഷി മന്ത്രാലയത്തിലേക്കു ചെന്ന നേതാക്കൾക്കു തികച്ചും തിക്തമായ അനുഭവങ്ങളാണ് ഉണ്ടായത്. മത്സ്യബന്ധനം എന്നു കേട്ട മാത്രയിൽ ആ വിഷയവുമായി ഇവിടെയെന്തിനു വന്നു എന്നായി മദ്ധ്യപ്രദേശിൽ നിന്നുള്ള കേന്ദ്രകൃഷിവകുപ്പു മന്ത്രി. വിദേശനാണ്യം നേടിത്തരുന്ന രംഗമാണു മത്സ്യബന്ധന വ്യവസായമെന്നു വിശദീകരിച്ചപ്പോൾ, എങ്കിൽ നിങ്ങൾ വിദേശ വാണിജ്യവകുപ്പു മന്ത്രിയെക്കണ്ടു കാര്യങ്ങൾ പറയുവാൻ വേണ്ട 'ഉപദേശവും' അദ്ദേഹത്തിൽ നിന്നുണ്ടായി. സംഘടനാ പ്രതിനിധികളോടൊപ്പം ഉണ്ടായിരുന്ന എ.എ.റഹീം, അദ്ദേഹത്തിന്റെ പാർട്ടിക്കാരനായ കൃഷിമന്ത്രിയെ സ്വകാര്യമായി കാര്യങ്ങൾ വിശദമായി ധരിപ്പിച്ചപ്പോൾ, വകുപ്പിലെ ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തി. പ്രസ്തുത ഉദ്യോഗസ്ഥൻ വിനയപൂർവ്വം ഹാജരാക്കിയ ഫയലുകളിൽ നിന്നുമാണ്, മദ്ധ്യപ്രദേശിലെ ആയിരക്കണക്കിന് ഏക്കർ കരിമ്പിൻ തോട്ടവും ഒട്ടേറെ പഞ്ചസാര ഫാക്ടറികളും നിയന്ത്രിക്കുന്ന കുലാക്കുകളുടെ പ്രതിനിധിയായ, ശുദ്ധ സസ്യാഹാരം ശീലമാക്കിയ സവർണ്ണബ്രാഹ്മണന് തന്റെ വകുപ്പിന്റെ ഒരു ഭാഗമാണു മത്സ്യബന്ധനം എന്നു ബോദ്ധ്യമായത്. 1960–61–ൽ സമുദ്രോത്പന്ന വിഭവങ്ങളുടെ കയറ്റുമതിയിലൂടെ ഇന്ത്യയ്ക്കു 3.82 കോടി രൂപയുടെ വിദേശനാണ്യം നേടിയതിൽ തുടങ്ങി 1980 ആയപ്പോഴേക്കും അതു പ്രതിവർഷം 300 കോടി ആക്കി ഉയർത്തി, ഭാരതത്തിന്റെ വിദേശനാണയസംഭരണിയിൽ തനതായ സംഭാവനകൾ നിർലോപം നല്കിക്കൊണ്ടിരിക്കുന്ന, അതിനു കാരണഭൂതരായ മത്സ്യത്തൊഴിലാളികളെയും അവരുടെ പ്രവർത്തന മേഖലയും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ചുമതലപ്പെടുത്തിയവർക്ക് അതിന്മേലുള്ള ജ്ഞാനവുമാണ്" മേൽസൂചിപ്പിച്ച സംഭവത്തിൽ നിന്നു വെളിവാകുന്നത്. (ഇന്ന് 2012 ആകുമ്പോൾ സമുദ്രോത്പന്ന കയറ്റുമതിയിൽ നിന്നു നമുക്കു കിട്ടുന്ന വിദേശനാണ്യം പ്രതിവർഷം പതിനാലായിരം കോടി രൂപയാണെന്നറിയുക).

2012 ഫെബ്രുവരി ഏഴാം, തീയതി കൊല്ലം നീണ്ടകരയിൽ നിന്നു മത്സ്യബന്ധനത്തിനായി ആഴക്കടലിലേക്കു പോയ തമിഴ്നാട് കുളച്ചൽ സ്വദേശി ഫ്രെഡിയുടെ ഉടമസ്ഥതയിലുള്ള സെന്റ്. ആന്റണി എന്ന മത്സ്യബന്ധന ബോട്ടിലെ വാലന്റൈൻ (48), പിങ്കു (23) എന്നീ തൊഴിലാളികൾ, പത്തുദിവസത്തിനുശേഷം ഇറ്റാലിയൻ എണ്ണക്കപ്പലിൽ നിന്ന് ഉതിർത്തു വിട്ട വെടിയുണ്ടയേറ്റു പിടഞ്ഞു മരിച്ച വാർത്ത മാധ്യമങ്ങളിലാകെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതു ശ്രദ്ധിച്ചപ്പോൾ, വർഷങ്ങൾക്കു മുൻപ് ഇവരുടെ ക്ഷേമത്തിനായി രണ്ടു പതിറ്റാണ്ടോളം ഈ രംഗത്തു പ്രവർത്തിക്കാൻ ഇടവന്ന എനിക്ക് ഇത്തരം ചില സംഭവങ്ങൾ ഓർമ്മയിൽ തെളിഞ്ഞുവന്നു.

നീണ്ടകരയിൽ നിന്നു 24 നോട്ടിക്കൽ മൈലിനു പടിഞ്ഞാറു ഭാഗത്തായി മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന തൊഴിലാളികളാണ് ക്രൂരവും ദാരുണവുമായി കൊല ചെയ്യപ്പെട്ടത്. ഇറ്റാലിയൻ എണ്ണടാങ്കറായ 'എന്റികലെക്സി' എന്ന കപ്പലിൽ നിന്നു യാതൊരു പ്രകോപനവുമില്ലാതെ ചീറിപ്പാഞ്ഞുവന്നു വെടിയുണ്ടകളാണ് ഈ ഹതഭാഗ്യരുടെ ജീവൻ പൊലിയുവാൻ ഇടയാക്കിയത്. കുഞ്ഞുന്നാളിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട തമിഴ്നാട് കുളച്ചൽ ഇരയിമ്മൻതുറ സ്വദേശി പിങ്കു, തന്റെ രണ്ടുസഹോദരിമാരുൾപ്പെട്ട കുടുംബത്തെ സംരക്ഷിക്കുവാൻ അന്നം തേടി ആഴക്കടലിലേക്ക് ഇറങ്ങുകയായിരുന്നു. പറക്കമുറ്റാത്ത സഹോദരിമാരുടെ സഹോദരനും രക്ഷകനും ആയിരുന്നു യുവാവായ പിങ്കു. കൊല്ലം മൂതാക്കര സ്വദേശി ഡോറയെയും പ്ലസ്ടൂവിലും നാലാം ക്ലാസ്സിലും പഠിക്കുന്ന കുഞ്ഞുമക്കളെയും പോറ്റുന്നതിനായിരുന്നു ജെലസ്റ്റിനെന്നു വിളിക്കുന്ന വാലന്റൈൻ മത്സ്യബന്ധനത്തിനു പോയത്. പത്തൊൻപത് ഇന്ത്യാക്കാർ ജീവനക്കാരായുള്ള ഈ കപ്പൽ സിംഗപ്പൂരിൽ നിന്നും ഈജിപ്തിലേക്കു ക്രൂഡോയിലുമായി പോവുകയായിരുന്നു. ഒരു സ്ഥലത്തുനിന്നു മത്സ്യബന്ധനം കഴിഞ്ഞു മറ്റൊരു മേഖല തേടി പോവുകയായിരുന്നു നിരായുധരും നിരപരാധികളുമായ മത്സ്യത്തൊഴിലാളികൾ. ഇവരെയാണു സോമാലിയൻ കടൽക്കൊള്ളക്കാരെന്നു തൊടുന്യായം പറഞ്ഞ് ക്രൂരമായി വെടിവച്ചുകൊന്നത്. പൈശാചികമായ ഈ നരഹത്യക്കെതിരെ കേരള സമൂഹവും വിശിഷ്യാ അച്ചടിദൃശ്യമാദ്ധ്യമങ്ങളും അവസരത്തിനൊത്തുയർന്നു കണ്ടതിൽ തെല്ലൊരാശ്വാസം തോന്നുന്നു. എങ്കിലും, മേലിൽ ഇത്തരം കാട്ടാള പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ അധികാരികൾ ജാഗരൂകരായിരിക്കേണ്ടതുണ്ട്; ഒപ്പം നമ്മളും.

ഭാരതത്തിൽ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഒറീസ്സ, ഗുജറാത്ത്, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് തുടങ്ങിയുള്ള സംസ്ഥാനങ്ങളിലാണു പ്രധാനമായും കടൽ മത്സ്യബന്ധനം നടക്കുന്നത്. മറ്റിടങ്ങളിൽ തോടും കുളവും പുഴയും കായലും ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മീൻപിടിത്തം വേറെയും. ജനസംഖ്യയിൽ ഒരു കോടിയോളം വരുന്ന ജനങ്ങൾ നേരിട്ടും അതിനിരട്ടി ആളുകൾ അല്ലാതെയും മത്സ്യബന്ധനവും അനുബന്ധവ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനം നയിക്കുന്നു. 2012 അവസാനം ആകുമ്പോഴേക്കും ഈ രംഗത്തു നിന്നു ഭാരതത്തിനു 15,000 കോടിയോളം രൂപ പ്രതിവർഷം വിദേശനാണ്യമായി ലഭിക്കുമെന്ന് ഉറപ്പായി കഴിഞ്ഞിരിക്കുന്നു. ഇത്തരത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടിനിടയ്ക്കു മത്സ്യത്തൊഴിലാളികൾ നേടിക്കൊടുത്ത വിദേശനാണ്യം മില്യണും ബില്യണും,ട്രില്യണും കവിഞ്ഞുനില്ക്കുന്നു. ഇന്ത്യയിൽ നിന്നും അരിയും ഗോതമ്പും കശുവണ്ടിയും ഇരുമ്പുരുക്കു സാധനങ്ങളും തുടങ്ങി ഒട്ടനവധി ഇനങ്ങൾ കയറ്റുമതി ചെയ്യപ്പെടുന്നു. ഇവയിൽ നിന്നു ലഭിക്കുന്ന വിദേശനാണ്യമാണ് പെട്രോളിയം ഉത്പന്നങ്ങൾ, പ്രതിരോധ സേനയ്ക്കുവേണ്ടിയുള്ള യുദ്ധോപകരണങ്ങൾ തുടങ്ങി അത്യന്താപേക്ഷിത വസ്തുക്കളുടെ ഇറക്കുമതിക്ക് ഉപയോഗിക്കുന്നത്. ഭാരതം എന്ന രാഷ്ട്രത്തിന്റെ നിലനില്പിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത വസ്തുക്കളാണു നാം ഇറക്കുമതി ചെയ്യുന്നത്. ആയതിനാൽ വിദേശനാണയ കരുതൽ ശേഖരം ഇന്ത്യയുടെ നട്ടെല്ലാണെന്നുള്ള കാര്യത്തിൽ രണ്ടഭിപ്രായമില്ല. അപ്പോൾ അതു നേടിത്തരുന്ന മേഖലകൾ നമ്മുടെ ജീവാത്മാവും പരമാത്മാവുമായി ഭവിക്കുന്നു. ഇത്തരത്തിലുള്ള ഘടകങ്ങളിൽ എന്തുകൊണ്ടും ഒന്നാം സ്ഥാനത്തു നില്ക്കുന്ന മേഖലയാണു മത്സ്യബന്ധനവും അതിന്റെ വിദേശ ക്രയവിക്രയരംഗവും. മറ്റെല്ലാ കയറ്റുമതി വിഭവങ്ങളും പരുവപ്പെടുത്തിയെടുക്കുവാൻ കോടിക്കണക്കിനു രൂപ മുതൽമുടക്കി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കയറ്റുമതി യോഗ്യമായ ഉത്പന്നങ്ങൾ രൂപപ്പെടണമെങ്കിൽ അസംസ്കൃതവസ്തു അവിഭാജ്യ ഘടകമാണ്. അസംസ്കൃത വസ്തുവിന്റെ ലഭ്യതയ്ക്കായി നാം അനേകശതകോടികൾ മുതൽ മുടക്കിയിട്ടാണു കയറ്റുമതിക്കാവശ്യമായ ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നത്. ഇവിടെയാണ് മത്സ്യബന്ധനവും മറ്റു മേഖലകളുമായി അജഗജാന്തരം അനുഭവപ്പെടുന്നത്. മറ്റെല്ലാ മേഖലകളിലും നാം എല്ലാവർഷവും വർദ്ധിത വീര്യത്തോടെ മുതൽ മുടക്കുമ്പോൾ മത്സ്യബന്ധനമേഖലയിൽ വിതയ്ക്കാതെ കൊയ്യുകയാണ്. അതേ! വിത്തുവിതയ്ക്കാതെ,വളമിടാതെ, വെള്ളമൊഴിക്കാതെ ഫലമെടുക്കുന്ന ഇന്ത്യയിലെ ഒരേ ഒരു മേഖലയാണു മത്സ്യബന്ധനരംഗം. പ്രകൃതിയുടെ വരദാനമായ ആഴക്കടലിലേക്ക് അലറിയടിക്കുന്ന തിരമാലകളെയും ചീറിയടിക്കുന്ന കൊടുങ്കാറ്റിനെയും അസ്ഥികോച്ചുന്ന മകര മഞ്ഞിനെയും കോരിച്ചൊരിയുന്ന പേമാരിയെയും തൃണസമാനമായി കരുതി ജീവൻ പണയം വച്ച്, ഉറ്റവരുടെയും ഉടയവരുടെയും പശിയടക്കാൻ, കൂരയിലെ അടുപ്പിൽ തീ പുകയുവാൻ, അന്തിക്കഞ്ഞിക്കു വക തേടിപ്പോകുന്ന, ഇന്ത്യയുടെ തീര സംസ്ഥാനങ്ങളിലെ ഒരു കോടിയിൽ പരം വരുന്ന 'പിങ്കുമാരും' 'ജലസ്റ്റിൻ'മാരുമാണ് ഭാരത ഖജനാവിൽ ബഹുശത കോടികൾ മുതൽ കൂട്ടുന്ന പ്രേരകശക്തികൾ. ഇവരെയാണ് ഇന്ത്യയുടെ കടലിൽ വച്ചു വിദേശികൾ യാതൊരു പ്രകോപനവുമില്ലാതെ നിസ്സാരമായി വെടിവെച്ചു കൊല്ലുന്നത്. ഒരു ചെറുന്യൂനപക്ഷമൊഴിച്ചാൽ ഇവരിലെ ബഹുഭൂരിപക്ഷം പേരുടെ നില ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. മറ്റെല്ലാ വ്യവസായങ്ങളിലേക്കും തൊഴിലാളികൾ പാർലമെന്ററി ഡെമോക്രാറ്റിക് വ്യവസ്ഥയിൽ സുസംഘടിതരായി കടുത്ത വില പേശലുകൾ നടത്തി ആശ്വാസ ക്ഷേമ പദ്ധതികളിൽ സുരക്ഷിതരാകുമ്പോൾ, 115 കോടിയിൽ ഒരു കോടി മാത്രം വരുന്ന ഈ ജനത ഒൻപതു സംസ്ഥാനങ്ങളിലായി ചിതറിക്കിടക്കുക വഴി അസംഘടിതരും അതുവഴി അനാഥരുമായി ഇന്നും ജീവിക്കുന്നു.

വിവിധ മതങ്ങളിലും നൂറുകണക്കിനു ജാതികളിലും ആയിരക്കണക്കിനു ഉപജാതികളിലുമായി വിവിധ ദേശ- ഭാഷ-വർണ്ണ-ഗോത്രങ്ങളിലായി-ചിതറിക്കിടക്കുന്ന ഈ വിഭാഗം ഇനിയും വോട്ടുബാങ്കു രാഷ്ട്രീയത്തിലെ നിർണ്ണായകശക്തിയായി രൂപം പ്രാപിച്ചിട്ടില്ല. അതിനാൽത്തന്നെ ഇവരുടെ ആവലാതികൾ ഉത്തരം കിട്ടാതെ ദീനരോദനങ്ങളും വിലാപങ്ങളുമായി ഭവിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷുകാരൻ തുടങ്ങിവച്ച് കാലങ്ങളോളം വിജയകരമായി അനുവർത്തിച്ചു വന്ന 'ഭിന്നിപ്പിച്ചു ഭരിക്കൽ തന്ത്രം' നാടൻ ധ്വരമാർ മറ്റൊരു തരത്തിൽ ഈ പാവം ജനതയുടെ മേൽ നടപ്പാക്കി രസിച്ചുഭരിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെ ന്യായവും പ്രാഥമികവുമായ ആവശ്യങ്ങളുടെമേൽ അന്ധതയും ബധിരതയും നടിച്ചാലും ഒന്നും സംഭവിക്കുവാൻ പോകില്ലെന്ന് അധികാരി വർഗ്ഗത്തിനു നല്ല ഉറപ്പുണ്ടെന്നു തോന്നുന്നു. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് 1980–കളിൽ ഡൽഹിയിൽ ദർശിക്കുവാൻ കഴിഞ്ഞത്. ഇന്ദ്രപ്രസ്ഥത്തിലെ കൃഷികാര്യ സാമ്രാജ്യത്തിലെ സിംഹാസനത്തിൽ ആരൂഢനായിരുന്ന മന്ത്രി പുംഗവനു തന്റെ വകുപ്പിൽ ഉൾപ്പെട്ട മത്സ്യബന്ധനത്തെ സംബന്ധിച്ചുള്ള 'അറിവ്' തന്നെയാണ് ഇതിന്റെ തെളിവ്. 1980– ൽ നിന്നു 2012–ൽ എത്തി നില്ക്കുമ്പോൾ, മത്സ്യത്തൊഴിലാളികളോടു കക്ഷിരാഷ്ട്രീയഭേദമെന്യേ ഉത്തരേന്ത്യൻ ഗോസായികൾക്കുള്ള സമീപനത്തിൽ കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. സ്വാതന്ത്ര്യം ലഭിച്ച് എഴുപതു വർഷം തികയാൻ നാളുകൾ മാത്രം ബാക്കി നില്ക്കേ വിദേശനാണ്യ സംഭരണത്തിൽ തനതായ സാന്നിദ്ധ്യം അറിയിക്കുന്ന മത്സ്യബന്ധനത്തിനു ക്യാബിനറ്റ് റാങ്കുള്ള ഒരു മന്ത്രിയെ ചുമതലപ്പെടുത്തണമെന്ന ന്യായമായ അവകാശം ക്രൂരമായി നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളമൊഴികെയുള്ള മറ്റു സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ അവസ്ഥ; വനപ്രദേശങ്ങളിലെ ആദിവാസി ഗോത്രവിഭാഗങ്ങളുടേതിനും താഴെയാണ്. മത്സ്യവിപണനരംഗത്ത് ഇടനിലക്കാരുടെ കൊടിയ ചൂഷണവും അവയെ പ്രതിരോധിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിലെ ഉദ്യോഗസ്ഥരുടെ കടുത്ത അവഗണനയും ഇന്നും ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കുന്നു. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ആർത്തന്മാരുടെയും ആലംബഹീനരുടെയും ആവലാതികൾ നിലവിളിയായി രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഉത്തരവാദിത്വപ്പെട്ടവർ നിഷ്ക്രിയരായി ഉറക്കം നടിക്കുന്നു. നിലയില്ലാക്കടലിൽ മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുന്ന ഈ നിസ്സാഹായരെ ആരാണ് ഒരു കൈ പിടിച്ചുയർത്തുക. കാപട്യത്തിന്റെ മുഖം മൂടിയണിഞ്ഞ, അത്യാഹിതം നേരിടുമ്പോൾ അനുകമ്പാ പ്രകടനം നടത്തുന്ന, ശോകരസം കരകവിയുന്ന അഭിനയം കാഴ്ചവയ്ക്കുന്ന, രാഷ്ട്രീയക്കാരിൽ നിന്ന് ഇതിൽക്കൂടുതലൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നു തോന്നുന്നു. 2012 ഫെബ്രുവരി 15–ാം തീയതി ബുധനാഴ്ച നീണ്ടകരയിൽ ഉണ്ടായ നിർഭാഗ്യകരമായ സംഭവത്തിൽ അവസരത്തിനൊത്തുയർന്ന കേരളമുഖ്യമന്ത്രി ഉമ്മൻചാണ്ടി, കേന്ദ്ര പ്രതിരോധവകുപ്പ് മന്ത്രി എ.കെ. ആന്റണി, കേന്ദ്ര കൃഷിവകുപ്പു സഹമന്ത്രി പ്രൊഫ.കെ.വി.തോമസ്, കേന്ദ്രവിദേശകാര്യമന്ത്രി എസ്.എം.കൃഷ്ണ സർവ്വോപരി പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് എന്നിവരുടെ സേവനങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്. കാലാകാലങ്ങളായി കേന്ദ്ര-സംസ്ഥാന ഭരണാധികാരികളായി വന്നിട്ടുള്ള എല്ലാ രാഷ്ട്രീയപ്പാർട്ടികളിലെയും സവർണ്ണവരേണ്യ ലോബി, ആവശ്യത്തിനുശേഷം കറിവേപ്പില സമാനമായി തള്ളിക്കളയുന്ന ഈ അസംഘടിത ജനവിഭാഗം അനുഭവിച്ചുപോന്നിട്ടുള്ള തിക്താനുഭവങ്ങളുടെ പച്ചയായ പരമാർത്ഥങ്ങളുടെ വെളിച്ചം ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. ഇവരുടെ ജീവനും സ്വത്തും; മറ്റെല്ലാ ജനവിഭാഗങ്ങളുടേതുപോലെ വിലപ്പെട്ടതും ആയതിനാൽ, സംരക്ഷിക്കപ്പെടേണ്ടതുമാണ്. ഇരുപത്തിയെട്ടു സംസ്ഥാനങ്ങളിലായി നൂറ്റിപ്പതിനഞ്ചു കോടിയിൽ ചിതറി പരന്നുക്കിടക്കുന്ന ഒരു കോടി പാവങ്ങളുടെ മേലുള്ള അധികാരി വർഗ്ഗത്തിന്റെ നിരന്തര അവഗണനയ്ക്ക് ഒരു ശാശ്വതപരിഹാരം ഉണ്ടായേ തീരൂ. അവന്റെ ക്ഷേമത്തിനും അതുവഴിയുള്ള ആശ്വാസത്തിനും സംരക്ഷണത്തിനും, നിലവിലുണ്ടെന്നു പറയപ്പെടുന്ന നിയമങ്ങൾ അപക്വവും അശാസ്ത്രീയവുമാണെന്നതാണു സത്യം. അതിനാലാണ് ഇത്തരം കൊള്ളയും കൊലയും അരങ്ങേറുന്നത്. നിലവിലുള്ള നിയമങ്ങളിൽ സമഗ്രമായ ഒരു പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്. ഇതു സംബന്ധിച്ചുള്ള നിയമനിർമ്മാണങ്ങൾ സംസ്ഥാന–കേന്ദ്ര സർക്കാർ തലത്തിൽ നടത്തുമ്പോൾ, പലപ്പോഴും കടലുമായി ബന്ധമില്ലാത്തവരും മത്സ്യാഹാര വിരോധികളുമാണ് ഇതിനു ചുക്കാൻ പിടിക്കുന്നത്. അതാണ് ഈ നിയമങ്ങളിലെ അപാകതകൾക്കു പ്രധാന കാരണം.

കടലറിയുന്ന, കടലിനെ അറിയുന്ന പരിണത പ്രജ്ഞരായ, നേരിട്ടറിവും ബോദ്ധ്യവുമുള്ളവരുടെ സഹകരണവും സാന്നിദ്ധ്യവും ഇത്തരം നിയമനിർമ്മാണവേളയിൽ പലപ്പോഴും കാണുന്നില്ല. ഇതിനായി ഈ രംഗത്തു സജീവമായി പ്രവർത്തിക്കുന്നവരുടെ ശബ്ദം അധികാരി വർഗ്ഗം ശ്രവിച്ചു കാണുന്നില്ല. കുറ്റകരമായ അനാസ്ഥയും അവഗണനയുമാണിത്. ഇനിയും ഇത്തരത്തിൽ മുന്നോട്ടുപോകാൻ പാടുള്ളതല്ല. ഇനിയുമൊരു വാലന്റൈൻ, പിങ്കി സംഭവം ഇവിടുണ്ടാകാതെ സൂക്ഷിക്കേണ്ടതുണ്ട്. അതിനായി കേരളത്തിലെ ഭാരതത്തിലെ മത്സ്യത്തൊഴിലാളി സമൂഹം ആകമാനം ദേശ -ഭാഷ-വർണ്ണ-വർഗ്ഗഭേദമില്ലാതെ സംഘടിച്ചു മുന്നേറേണ്ടിയിരിക്കുന്നു. നമ്മുടെ ശബ്ദം, അനങ്ങാപ്പാറകളായ അധികാരികളെ പിടിച്ചു കുലുക്കാൻ പാകത്തിൽ ഉയരണം. തുഴകളേന്തി തഴമ്പുവീണ കരങ്ങളുടെ ബലം വേണ്ടിവന്നാൽ ഈദൃശ ശക്തികൾക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. ഒന്നിച്ചൊരൊറ്റ ശക്തിയായി ശബ്ദമുയർത്തണം. അലമുറകളും ദീനരോദനങ്ങളും ഇടിമുഴക്കമായി ഭവിക്കണം. സംഘടിത ശക്തിയുടെ വേലിയേറ്റം കൊടും സുനാമിയായി രൂപാന്തരം പ്രാപിക്കണം. ആ കുത്തൊഴുക്കിൽ അനന്തപുരിയിലെയും ഇന്ദ്രപ്രസ്ഥത്തിലെയും അനങ്ങാപ്പാറകളും അവരുടെ കോട്ട കൊത്തളങ്ങളും കുത്തിയൊലിച്ചുപോകണം. അതിനായി നമുക്കൊന്നിക്കാം. ആത്യന്തിക വിജയം സത്യത്തിന്റെയും നന്മയുടെതാകും നിശ്ചയം !!!!

# ഇറ്റാലിയൻ വെടിവയ്പും സർക്കാർ അനാസ്ഥകളും

**ഡി. സഞ്ജീവഘോഷ്** *(മുൻ അഡീഷണൽ ഡയറക്ടർ ഓഫ് ഫിഷറീസ്)*

‘എൻറിക്ക ലെക്സി’ എന്ന ഇറ്റാലിയൻ ചരക്ക് കപ്പലിൽ നിന്ന് ഉതിർത്ത വെടിയേറ്റ് രണ്ട് ഇൻഡ്യൻ മത്സ്യതൊഴിലാളികൾ തൽക്ഷണം മരിക്കുകയുണ്ടായി. തോട്ടപ്പള്ളി കടൽതീരത്തിന് പടിഞ്ഞാറ് 12 നോട്ടിക്കൽ മൈൽ (1 നോട്ടിക്കൽ മൈൽ – 1.782 കി.മീ) ദൂരത്തിനപ്പുറത്തുള്ള കടൽഭാഗങ്ങളിൽ മത്സ്യബന്ധനം നടത്തികൊണ്ടിരിക്കവേയാണ് ഇറ്റാലിയൻ കപ്പലിൽ നിന്ന് അപ്രതീക്ഷിതമായ വെടിവയ്പ് ഉണ്ടായത്. കപ്പലിൽ ഉണ്ടായിരുന്ന നാവികസേനാംഗങ്ങൾ(സായുധമറീൻ ഭടന്മാർ) തുരുതുരാ ഉതിർത്ത വെടിയുണ്ടകളേറ്റാണ് മത്സ്യതൊഴിലാളികൾ മരണമടഞ്ഞത്.

അത്യന്തം അപലപനീയമായ ഈ സംഭവത്തെതുടർന്നുണ്ടായ ആശയകുഴപ്പങ്ങളും അഭിപ്രായ വ്യത്യസങ്ങളും ഔദ്യോഗികമായ നടപടികളിലെ അനിശ്ചിതത്വവും നിയമനടപടികളിലെ കാലതാമസവും ഇന്ത്യൻ ഭരണാധികാരികളുടെ കെടുകാര്യസ്ഥതയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയും വിളിച്ചോതുന്ന ഒരു ‘പ്രകടന നാടക’മായി മാറുകയായിരുന്നു നിരപരാധികളായ മത്സ്യതൊഴിലാളികളുടെ ദാരുണ മരണം. സംഭവം ലഘൂകരിക്കാനും നയതന്ത്ര സുരക്ഷാമാർഗ്ഗങ്ങളിലൂടെ രക്ഷപെടാനുമാണ് കപ്പലിലുള്ളവരും ഇറ്റാലിയൻ അധികൃതരും ശ്രമിച്ചത്.

ഒരു സ്വകാര്യകപ്പൽ കമ്പനിയുടെ അസത്യവും അന്യായവുമായ വിശദീകരണത്തിന് ഉപോൽബലകമായ പ്രസ്താവനകളിറക്കി ഇന്ത്യൻ ഭരണകൂടത്തെ ഇളിഭ്യരാക്കുകയായിരുന്നു ഇറ്റാലിയൻ സർക്കാരും അധികൃതരും ചെയ്തത്

പട്ടാപ്പകൽ ഇന്ത്യൻ തീരത്തോടടുത്ത കടലിൽ വച്ച് മത്സ്യതൊഴിലാളികളായ രണ്ടു ഇന്ത്യക്കാരെ യാതൊരു പ്രകോപനവുമില്ലാതെ വെടിവച്ചു കൊന്ന ശേഷം കപ്പിത്താനിൽ നിന്നുണ്ടായ പെരുമാറ്റം അങ്ങേയറ്റം ധാർഷ്ട്യം നിറഞ്ഞതായിരുന്നു. മറ്റു വല്ല രാജ്യത്തുമായിരുന്നെങ്കിൽ കപ്പിത്താനെ ആ നിമിഷം തന്നെ അറസ്റ്റുചെയ്ത് കപ്പൽ പിടിച്ചെടുക്കുമായിരുന്നു. വെടിവച്ചവരെ പിടികൂടി ഇരുമ്പഴിക്കുള്ളിലാക്കുമായിരുന്നു. വെടിവച്ചവരെ അറസ്റ്റുചെയ്യുന്നതിലും കപ്പൽ കസ്റ്റഡിയിലെടുക്കുന്നതിലും നമുക്ക് കാലതാമസവും പിഴവുകളുമുണ്ടായിരിക്കുന്നു. മറൈൻ പോലീസ് തയ്യാറാക്കിയ എഫ്.ഐ.ആറിൽ 33 നോട്ടിക്കൽ മൈൽ അകലെ വച്ചാണ് സംഭവം നടന്നതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 33 നോട്ടിക്കൽ മൈൽ അകലെ എന്നാൽ ഇന്ത്യൻ കടലിലെ കണ്ടിഗ്വസ് സോണിന് പുറത്താണെന്നുള്ളത് കേസിനെ ദുർബലപ്പെടുത്തുന്ന പ്രസ്താവമായി മാറുവാൻ സാദ്ധ്യതയുണ്ട്. ഇത് പോലിസിന്റെ ഭാഗത്ത് നിന്നുണ്ടായ നിരുത്തരവാദിത്വം നിറഞ്ഞ അനാസ്ഥയാണ്. സംഭവത്തെക്കുറിച്ച് ഇറ്റാലിയൻ സർക്കാർ അധികൃതരുടെ വാദഗതികൾ തീർത്തും സത്യവിരുദ്ധവും നിയമ സാദ്ധ്യത ഇല്ലാത്തതുമാണ് എന്നു മാത്രമല്ല അവ ദുരൂഹവും സംശയാസ്പദവുമാണ്. അവർ പറയുന്നതിങ്ങനെ

1. ബൈനോകുലർ വഴി ബോട്ടിൽ സായുധരായ കടൽകൊള്ളക്കാരാണെന്ന് ഉറപ്പാക്കിയശേഷമാണ് വെടിയുതിർത്തത് – ഇറ്റാലിയൻ എംബസി
2. ഒരു ബോട്ട് കപ്പലിനു സമീപത്തേക്ക് വരുന്നു എന്ന സന്ദേശം ഇറ്റാലിയൻ നാവികസേനയിൽ നിന്നും ലഭിച്ചതിനെ തുടർന്നാണ് അന്തരാഷ്ട്ര നിയമങ്ങൾ പാലിച്ചുകൊണ്ട് വെടിയുതിർത്തത് – ഇറ്റാലിയൻ സ്ഥാനപതി ജിയോകൊമോ സാൻഫെലിസ്ഡി–മെന്റ ഫോർട്ട്.

ഇന്ത്യയുടെ തീരസംരക്ഷണസേന (കോസ്റ്റ്ഗാർഡ്)യുടെയും നാവികസേനയുടെയും പ്രതിരോധ സേനയുടെയും ജാഗ്രതാനിരീക്ഷണത്തിലുള്ള തീരദേശ കടലതിർത്തി പ്രദേശത്തുണ്ടായ ഒരു കടന്നാക്രമണത്തെ ചെറുക്കുന്നതിൽ ഉണ്ടായ ഗൗരവകരമായ വീഴ്ച വിളിച്ചോതുന്നതാണ് ഈ സംഭവം എന്നു മനസ്സിലാക്കേണ്ടതുണ്ട്. കടൽ വഴിയുള്ള ഭീകരാക്രമണത്തെ ചെറുക്കുവാൻ നിതാന്ത ജാഗ്രത പുലർത്തുന്നു എന്ന് അവകാശപെടുന്ന ഇന്ത്യൻ ഭരണകൂടത്തിനേറ്റ ഒരു അപമാനമാണീ സംഭവം എന്നും നാമറിയേണ്ടതുണ്ട്. ഇന്ത്യയുടെ പരമാധികാര പ്രദേശമായ കടലിലെ തനതു സാമ്പത്തിക മേഖലയിൽ (എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ - ഇ.ഇസെഡ്) വച്ചുണ്ടായ ഈ അക്രമ സംഭവം - ഇന്ത്യൻ കടലതിർത്തി സംരക്ഷിക്കുന്നതിൽ നമുക്കുണ്ടായ വീഴ്ചയുടെ പ്രത്യക്ഷലക്ഷണമാണ്. തീരക്കടലിലുണ്ടായ ഈ അനിഷ്ട സംഭവത്തെ കുറിച്ച് നമ്മുടെ തീരസംരക്ഷണ സേനയെ ആദ്യം അറിയിച്ചത് മത്സ്യതൊഴിലാളികളെന്നോർക്കുക.(ബോംബെ ഭീകരാക്രമണത്തിലെ കടൽ വഴിയുള്ള ഭീകരരുടെ കടന്നുകയറ്റം അറിയിച്ചതും മത്സ്യതൊഴിലാളികളാണ്.) പത്ത് തീരദേശസംസ്ഥാനങ്ങളുള്ള ഇന്ത്യയുടെ കടൽത്തീരങ്ങളും കടലതിർത്തികളും യഥാർത്ഥത്തിൽ സംരംക്ഷിക്കുന്നത് കടലിൽ രാപ്പകൽ പണിയെടുക്കുന്ന നമ്മുടെ പാവപ്പെട്ട മത്സ്യതൊഴിലാളികളാണെന്ന സത്യം ഭരണാധികാരികൾ ഇനിയെങ്കിലും മനസ്സിലാക്കേണ്ടതുണ്ട്. രാവും പകലും കടലിൽ പണിയെടുക്കുന്ന ഈ തൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാധ്യത നമ്മുടെ ഭരണാധികാരികൾക്കുണ്ട് എന്ന വസ്തുതയും നാം ഓർക്കേണ്ടതുണ്ട്.

നിരപരാധികളായ മത്സ്യതൊഴിലാളികൾ നടുക്കടലിൽ വച്ച് ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. മത്സ്യബന്ധനത്തിനിടയിൽ ശ്രീലങ്കയുടെ കടലതിർത്തി കടക്കുന്നു എന്ന പേരിൽ ശ്രീലങ്കൻ നേവി തമിഴ്നാട്ടിലെ മത്സ്യതൊഴിലാളികളെ തടവിലാക്കിയിട്ടുണ്ട്. ഗുജറാത്തിലെ മത്സ്യതൊഴിലാളികൾ കടൽകൊള്ളക്കാരുടെയും ഭീകരരുടെയും ആക്രമണത്തിന് പലപ്പോഴും വിധേയരാകാറുണ്ട്. പാക്കിസ്ഥാൻ അതിർത്തി ലംഘിച്ചു എന്ന പേരിൽ ധാരാളം മത്സ്യതൊഴിലാളികളെ പാക്കിസ്ഥാൻ ജയിലിൽ തടവുകാരാക്കിയിട്ടുണ്ട്. മത്സ്യതൊഴിലാളികൾക്കുനേരെ ഉണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ യഥാസമയം തടയുന്നതിന് ആവശ്യമായ നടപടികൾ പലപ്പോഴും ഇന്ത്യൻ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാവുന്നില്ല എന്നത് ഒരു വസ്തുത തന്നെയാണ്. ഭരണാധികാരികളുടെ ഈ അനാസ്ഥ അക്ഷന്തവ്യമാണ്.

കടലതിർത്തിയെക്കുറിച്ചും കടൽനിയമങ്ങളെക്കുറിച്ചുമുള്ള അജ്ഞത നമ്മുടെ ഭരണകർത്താക്കളേയും ഉദ്യോഗസ്ഥവൃന്ദത്തെയും പോലീസിനെയും പലപ്പോഴും വെട്ടിലാക്കാറുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകളെപ്പോലും തകിടം മറിക്കുന്നതിന് ഈ അജ്ഞത കാരണമാകുന്നുണ്ട്. കേരള തീരത്തുണ്ടായ വെടിവയ്പും മത്സ്യതൊഴിലാളികളുടെ മരണവും ഇപ്പോൾ ഈ വസ്തുത ഉറക്കെ വിളിച്ചോതുകയാണ്. ഇന്ത്യൻ കോസ്റ്റ്ഗാർഡിന്റെയും നാവികസേനയുടെയും നിരന്തരസാനിദ്ധ്യവും നിരീക്ഷണവുമുള്ള ഇന്ത്യൻ കടൽജലാതിർത്തി പ്രദേശങ്ങളിൽ കടൽകൊള്ളക്കാർക്ക് എത്തിനോക്കാൻപോലും കഴിയില്ല എന്നുള്ള സത്യം എന്തുകൊണ്ടാണ് കപ്പൽ ക്യാപ്റ്റനും അതിലെ ജീവനക്കാർക്കും മനസ്സിലാവാതെ പോയത്? എന്തുകൊണ്ടാണ് ഇന്ത്യൻതീരത്തുകൂടിപോകുന്ന(ഇന്നസെന്റ് പാസ്സേജ്) ഒരു വിദേശ കപ്പൽ അന്താരാഷ്ട്ര നിയമങ്ങൾ പോലും ലാഘവത്തോടെ ലംഘിക്കുവാൻ തയ്യാറായത്?

ആഗോളതലത്തിൽ കടൽകൊള്ള തടയുന്നതിലും കടൽകൊള്ളക്കാരെ നേരിടുന്നതിലും ശക്തമായ പങ്കുവഹിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. സൊമാലി കടൽകൊള്ളക്കാർ നടത്തുന്ന കപ്പലാക്രമണങ്ങൾ ചെറുക്കുന്നതിൽ അന്താരാഷ്ട്രതലത്തിലുണ്ടായ നേട്ടങ്ങളിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള രാജ്യമാണ് ഇന്ത്യ എന്നതും ഓർക്കേണ്ടതുണ്ട്.

സംശയത്തിന്റെ പേരിൽ അന്താരാഷ്ട്ര നാവികചട്ടങ്ങൾ അനുസരിക്കാതെ നടത്തിയ വെടിവയ്പ് ഒരുതരത്തിലും ന്യായീകരിക്കാനാവില്ല. ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ തീരപ്രദേശങ്ങൾ പ്രത്യേകിച്ചും കേരളതീരങ്ങൾ ഒരിക്കലും ഒരപകടമേഖലയല്ല. ആലപ്പുഴയുടെ 14 നോട്ടിക്കൽ മൈൽ ദൂരം ഒരുകാലത്തും ഒരു അപകടമേഖലയോ ആക്രമണമേഖലയോ ആയിട്ടുമില്ല.

അന്താരാഷ്ട്ര മാരിടൈം നിയമങ്ങൾ ലംഘിച്ചാണ് ഇറ്റാലിയൻ കപ്പലിലെ നാവികസേനാഗംങ്ങൾ മത്സ്യതൊഴിലാളികളെ വെടിവച്ചത്. വെടിവയ്പിനുമുൻപോ, വെടിവെച്ചതിന് ശേഷമോ ക്യാപ്റ്റൻ ഈ വിവരം മാരിടൈം അതോറിട്ടിയെ അറിയിച്ചില്ല. വെടിവയ്പിന്ശേഷം കപ്പൽവേഗതകൂട്ടി ഗതിമാറ്റി യാത്രതുടർന്നു. മണിക്കുറുകൾക്കുശേഷവും കോസ്റ്റ്ഗാർഡ് നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ കപ്പൽ നിർത്തുമായിരുന്നില്ല. കടൽ അതിർത്തികളെക്കുറിച്ചും അന്താരാഷ്ട്ര കടൽനിയമങ്ങളെ കുറിച്ചും ഉള്ള വസ്തുതകൾ സുതാര്യവും വ്യക്തവുമാണ്. വെടിവച്ച് നിരപരാധികളായ മത്സ്യതൊഴിലാളികളെ കൊലപെടുത്തിയ ശേഷം കടൽ അതിർത്തികളെകുറിച്ചും നിയമങ്ങളെകുറിച്ചും തർക്കവിതർക്കങ്ങൾ ഉണ്ടാക്കി കുറ്റക്കാർ രക്ഷപെടുവാനാണ് ശ്രമിച്ചുവരുന്നത്. ഇത് ഒരു തരത്തിലും ന്യായീകരിക്കാനാവില്ല.

കടൽ സാമിപ്യമുള്ള രാജ്യങ്ങളുടെ അതിർത്തി കടലിലേക്ക് നീളുന്നതാണ്. കരയിൽ നിന്ന് കടലിലേക്കുള്ള ദൂരം കണക്കിലെടുത്താണ് കടലിലെ രാജ്യാതിർത്തികൾ തിരുമാനിച്ചിട്ടുള്ളത്. 1982-ലെ യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓഫ് ദി ലോ ഓഫ് ദി സീ (United nations convenctions of the law of the sea-UNCLOS) ആണ് രാജ്യങ്ങളുടെ സമുദ്രാതിർത്തി നിർണ്ണയത്തിന്റെ മാനദണ്ഡങ്ങൾ അന്തിമമായി തിരുമാനിച്ചത്.

തീരത്തുനിന്നും 12 നാവിക മൈൽ (1 നാവിക മൈൽ–1.782 കി.മീ) ദൂരം വരെയുള്ള കടൽഭാഗത്തെ ടെറിട്ടോറിയൽ മേഖല(Teritorial Zone) എന്നും അവിടെ നിന്നും വീണ്ടും 12 നാവിക മൈൽ ദൂരം വരെയുള്ള കടൽഭാഗത്തെ സമീപസ്ഥമേഖല ( Contiguous Zone) എന്നും പറയുന്നു. തീരത്തുനിന്നും 200 നാവിക മൈൽ(356 കി.മീ) വരെയുള്ള കടൽഭാഗം ഓരോ കടൽത്തീര രാജ്യത്തിന്റെയും ‘അനന്യസാമ്പത്തിക മേഖല’(Exclusive economic Zone-EEZ) യായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. രണ്ടുരാജ്യങ്ങൾ തമ്മിലുള്ള അകലം 400 നാവിക മൈൽ ഇല്ലെങ്കിൽ മൊത്തം ദൂരത്തിന്റെ മദ്ധ്യഭാഗം വരെയായിരിക്കും ഇരുരാജ്യങ്ങളുടെയും കടൽ അതിർത്തി (ഉദാ. ഇന്ത്യ-ശ്രീലങ്ക). ഈ പ്രദേശത്തെ വിവിധങ്ങളായ വിഭവസമ്പത്തുകളിന്മേൽ ബന്ധപ്പെട്ട രാജ്യത്തിനു മാത്രമാണ് സമ്പൂർണ്ണ അവകാശം. മത്സ്യബന്ധനം, ഖനനം, എണ്ണപര്യവേഷണം തുടങ്ങിയവയ്ക്കൊക്കെയുള്ള സമ്പൂർണ്ണ അവകാശവും അധികാരവും അതാതു രാജ്യത്തിനായിരിക്കും. ഈ പ്രദേശങ്ങളിൽ നിയമാനുസൃതമായ പ്രവർത്തനങ്ങളിൽ (പ്രത്യേകിച്ചും അന്തർദേശീയ ഗതാഗത പ്രവർത്തനങ്ങളിൽ) ഏർപ്പെടുന്ന അന്യരാജ്യങ്ങളുടെ യാനങ്ങളെ (SEA-VESSELS) വിൽക്കുവാൻ പാടില്ല എന്നു അന്താരാഷ്ട്രനിയമങ്ങൾ അനുശാസിക്കുന്നുണ്ട്. അനന്യ സാമ്പത്തിക മേഖലയ്ക്ക് പുറത്തുള്ള കടൽ എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ സാമ്പത്തികാവകാശമുള്ള തുറന്ന കടലാണ് (OPEN SEA)

ഒരു രാജ്യത്തിന്റെ അവകാശാതിർത്തിയിൽപ്പെട്ട കടലിലൂടെ മറ്റു രാജ്യങ്ങളുടെ കടൽ യാനങ്ങൾക്ക് നിയമാനുസൃതമായി നിരുപദ്രവഗമനം നടത്തുന്നതിന് അന്താരാഷ്ട്ര നിയമങ്ങൾ അനുസരിച്ചുള്ള അനുവാദമുണ്ട്. എന്നാൽ ആ സന്ദർഭങ്ങളിൽ സമീപരാജ്യങ്ങളുടെ ‘തനതുനിയമങ്ങൾ’ കൂടി പാലിച്ചായിരിക്കണം ഗതാഗതം നടത്തേണ്ടത്. 1958 ലെ ജനീവാ കൺവെൻഷൻ ഓൺ ടെറിട്ടോറിയൽ വാട്ടേഴ്സ് – അംഗീകരിച്ച കൺവെൻഷൻ ഓൺ ലോ ഓഫ് ദി സീ അനുസരിച്ചുള്ള നിരുപദ്രവ ഗതാഗതം എന്ന വ്യവസ്ഥ അനുസരിച്ച് മറ്റു രാജ്യങ്ങളുടെ കടൽപ്രദേശങ്ങളിലൂടെ ഗതാഗതം നടത്തുന്നതിനും കപ്പൽ നിറുത്തുന്നതിനും നങ്കുരമിടുന്നതിനുമൊക്കെ അവകാശമുണ്ടാകും. എന്നാൽ തീരരാജ്യത്തിന്റെ നിയമങ്ങൾ ലംഘിക്കുന്നതിനോ ,ആ രാജ്യത്തിന്റെ സമാധാനത്തേയോ, സുരക്ഷയെയോ ശരിയായ നിലനില്പിനെയോ ഒരുവിധത്തിലും ബാധിക്കുന്നതിനോ കാരണമാകരുത് എന്നും അന്താരാഷ്ട്രനിയമങ്ങൾ അനുശാസിക്കുന്നതിനനുസരിച്ച് ഇന്ത്യയുടെ തനതു സാമ്പത്തികമേഖലാ – കടൽപ്രദേശങ്ങളിലൂടെ അന്യരാജ്യങ്ങളുടെ കപ്പലുകൾക്ക് നിയമാനുസൃതമായ ഗതാഗതത്തിന് അവകാശമുണ്ട്.(ആർട്ടിക്കിൾ – 87–ഫ്രീഡം ഓഫ് നാവിഗേഷൻ ഇൻ ഇ.ഇസെഡ്) ‘ഇന്നസെന്റ് പാസ്സേജ്’ അനുവദിച്ചിട്ടുള്ള കടൽപ്രദേശങ്ങളിൽ, കപ്പലിന്റെയും കപ്പൽജീവനക്കാരുടെയും മറ്റു കടൽയാനങ്ങളുടെയും അവയിലെ തൊഴിലാളികളുടെയുമൊക്കെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള അന്തർദേശിയ ചട്ടങ്ങളും നിബന്ധനകളും (international codes and standerds) ഐക്യരാഷ്ട്രസഭയുടെ പ്രത്യേക ഏജൻസിയായ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ നിഷ്കർഷിച്ചിട്ടുണ്ട് (ആർട്ടിക്കിൾ–94). ഐക്യരാഷ്ട്രസഭാ കൺവെൻഷൻ(1982) അംഗീകരിച്ചിട്ടുള്ള അന്താരാഷ്ട്രനാവിക നിയമവ്യവസ്ഥകളിൽ ചരക്ക് ഗതാഗതവേളയിൽ കടൽകൊള്ളക്കാരെ നേരിടുന്നതിനുള്ള വ്യക്തമായ നിബന്ധനകളും രീതികളും പരാമർശിച്ചിട്ടുണ്ട്.(ആർട്ടിക്കിൾ 28. A&B) ഒരു രാജ്യത്തിന്റെയും പരമാധികാരത്തെ ഹനിക്കുന്ന യാതൊരു പ്രവൃത്തിയും ‘ഇന്നസെന്റ് പാസ്സേജ്’ വേളയിൽ ഉണ്ടാകുവാൻ പാടില്ല. ഇറ്റാലിയൻ എണ്ണക്കപ്പൽ ഇത്തരം അന്താരാഷ്ട്ര ഗതാഗതനിയമങ്ങളെയും ദേശീയ കടൽനിയമങ്ങളേയും പരസ്യമായി തന്നെ ലംഘിച്ചിരിക്കുകയാണ്.

ഐക്യരാഷ്ട്രസഭയുടെ 3–ാം കടൽ നിയമകൺവെൻഷൻ (UNCLOS- III) അംഗീകരിച്ചിട്ടുള്ള കടൽ പരിധി വ്യവസ്ഥകളെ പൂർണ്ണമായും കണക്കിലെടുത്തുകൊണ്ടാണ് 1976 ൽ ഇന്ത്യ കടൽമേഖലാ നിയമം (Maritime Zones Act 1976) ആവിഷ്കരിച്ചിട്ടുള്ളത്. (CLOS-PART V-ARTICLE 33) ഈ നിയമം നിലവിൽ വന്നതോടെ കരയിൽ നിന്ന് 200 നോട്ടിക്കൽ മൈൽ ദൂരം വരെ (360 കി.മീ) യുള്ള കടലിന്റെയും കടൽസമ്പത്തുകളുടെയും സമ്പൂർണ്ണാവകാശം ഇന്ത്യക്കുള്ളതായി മാറി. ഈ നിയമത്തിന്റെ സെക്ഷൻ 3,4,5– എന്നിവ പ്രകാരം കേന്ദ്രസർക്കാരിന് ആവശ്യമുള്ള പക്ഷം കൂടുതൽ നിയമവ്യവസ്ഥകൾ പുതിയതായി ഉണ്ടാക്കുവാനും അധികാരമുണ്ട്. (നിർഭാഗ്യമെന്ന് പറയട്ടെ മത്സ്യതൊഴിലാളികളുടെ സംരക്ഷണം പോലുള്ള ഗൗരവമേറിയ പ്രശ്നങ്ങളിൽ ആവശ്യമായ നിയമവ്യവസ്ഥകളൊക്കെ ഈ നിയമമനുസസരിച്ച് ഉണ്ടാക്കുവാൻ കേന്ദ്ര സർക്കാർ ഇനിയും ശ്രമിച്ചിട്ടില്ല.) ഇന്ത്യയുടെ കടലിലൂടെ കടന്നുപോകുന്ന ഏതു വിദേശരാജ്യക്കപ്പലും തനതു രാജ്യത്തിന്റെ നിയമമായ (law of the land) മാരിടൈം സോൺ ആക്ട് അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഇറ്റാലിയൻ എണ്ണക്കപ്പൽ അന്താരാഷ്ട്ര കടൽനിയമങ്ങളുടെയും ഇന്ത്യൻകടൽനിയമങ്ങളുടെയും നിർബന്ധവ്യവസ്ഥകൾ പലതും ലംഘിച്ചിരിക്കുകയാണ്.

ഇന്ത്യൻ കടലിലൂടെ കടന്നുപോകുന്ന വാണിജ്യക്കപ്പലുകൾക്ക് എന്തെങ്കിലും ഭീഷണിയുണ്ടായാൽ ബോംബെ ആസ്ഥാനമായി പ്രവർത്തിക്കുന്ന‘മാരിടൈം റസ്ക്യു കോ–ഓർഡിനേഷൻ സെന്ററിനെ അറിയിക്കേണ്ടതായിരുന്നു. മറിച്ച് വാർത്തകൾ മാധ്യമങ്ങളിലൂടെ വന്ന ശേഷം കടലിൽ കണ്ട വാണിജ്യക്കപ്പലുകളോടെല്ലാം തിരക്കി ഇത്തരം ഒരു സംഭവം നടന്നതായുള്ള വിവരം MRRCC സ്വമേധയാ ശേഖരിക്കുകയായിരുന്നു എന്നാണ് പറയപ്പെടുന്നത്. ഏതായാലും ഈ സംഭവത്തിൽ നിഷ്പക്ഷമായ അന്വേഷണവും രേഖകളുടെ പരിശോധനയും നിയമപരമായ നടപടികളും ഉണ്ടാകേണ്ടിയിരിക്കുന്നു. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടുകയും നിരപരാധികൾ സംരക്ഷിക്കപെടുകയും വേണം.

ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട ചില വസ്തുതകളുണ്ട്.

1. ഇന്ത്യയുടെ ഇ.ഇ.സെഡ്. ൽ പെട്ടതും സംസ്ഥാന സർക്കാരിന് ഭരണാധികാരവുമുള്ള ടെറിട്ടോറിയൽ സീ യ്ക്ക് പുറത്തുള്ളതുമായ കടലിൽ മീൻപിടിക്കുന്ന മത്സ്യതൊഴിലാളികളുടെ തൊഴിലിനും ജീവനും സംരക്ഷണം നൽകുവാൻ സ്വാതന്ത്ര്യം കിട്ടി 65 വർഷങ്ങൾ പിന്നിട്ടിട്ടും ഒരു നിയമമുണ്ടാക്കുവാൻ കേന്ദ്ര സർക്കാരിന് ഇന്നേവരെ കഴിഞ്ഞിട്ടില്ല. മൂന്ന് വർഷങ്ങൾക്ക് മുൻപ് കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിലുള്ള കടലിൽ മീൻ പിടിക്കുന്നത് നിയന്ത്രിക്കുന്നതിനും പരിപാലിക്കുന്നതിനും കടൽ വഴിയുള്ള ആക്രമണങ്ങൾ തടയുന്നതിനുമായി പ്രതിരോധ നടപടികൾ ശക്തിപെടുത്തുന്നതിനും വേണ്ടി ഒരു സമുദ്രമത്സ്യബന്ധന നിയന്ത്രണപരിപാലന നിയമം(The marine fisheries regulation and management act –2009) ആവിഷ്കരിക്കുവാൻ തിരുമാനിക്കുകയും ഒരു കരടു നിയമം തയ്യാറാക്കി പ്രസിദ്ധപെടുത്തുകയും ചെയ്തിരുന്നു. മൂന്ന് വർഷങ്ങൾ പിന്നിട്ടിട്ടും ആ നിയമം ആവിഷ്കരിക്കുവാൻ കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. ഇന്ത്യയുടെ കടലിൽ പണിയെടുക്കുന്ന അമ്പതുലക്ഷത്തിലധികം വരുന്ന മത്സ്യതൊഴലാളികളുടെ പരമ്പരാഗതമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും സംരക്ഷണം നൽകുന്നതിനും വേണ്ടി ഒരു പ്രത്യേക നിയമമാവിഷ്കരിക്കുമെന്ന് വർഷങ്ങൾക്കുമുൻപ് കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയും അതിനായി ഒരു കരട് നിയമം പുറത്തിറക്കുകയുണ്ടായി. പരമ്പരാഗത തീരക്കടൽ മത്സ്യതൊഴിലാളി സമൂഹ(അവകാശസംരക്ഷണ)നിയമം 2009 (Traditional Coastal and Marine Fisherfolk Protection of Rights Bill 2009) എന്ന പേരിൽ പുറത്തുവന്ന ആ കരട് നിയമവും മൂന്ന് വർഷങ്ങൾ പിന്നിട്ടിട്ടും ഒരു നിയമമായി മാറിയില്ല.
3. കടലിൽ പണിയെടുക്കുന്ന മത്സ്യതൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ സംരക്ഷിക്കുവാനും അവരുടെ തൊഴിൽ അവകാശങ്ങൽ ഉറപ്പുവരുത്തുവാനും ജീവിതസാഹചര്യങ്ങൾ മെച്ചപെടുത്തുവാനും വേണ്ടി ‘അക്വേറിയൻ റിഫോംസ്’ (Aquariam Reforms) നടപ്പിലാക്കുമെന്നു സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും പ്രഖ്യപിക്കുകയുണ്ടായി. ഇതിനായി ഒരു വിദഗ്ധ പഠന സമിതിയെ നിയോഗിക്കുകയുണ്ടായി. പഠന സമിതി തയ്യാറാക്കിയ റിപ്പോർട്ടും കരട്ബില്ലും സർക്കാരിന്റെ കസ്റ്റഡിയിൽ കിടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. നാളിതുവരെ ഒന്നും സംഭവിച്ചില്ല.

നൂറ്റാണ്ടുകളായി കടലിൽ പണിയെടുത്ത് ഉപജീവനം കഴിക്കുന്ന മത്സ്യതൊഴിലാളി സമൂഹത്തോട് ഭരണാധികാരികൾ കാണിക്കുന്ന അവഗണനയുടെ പ്രത്യക്ഷഫലങ്ങളാണ് നാം നിത്യേന കണ്ടുവരുന്നത്. മറ്റേതു തൊഴിൽ മേഖലയെക്കാളും അപകടസാദ്ധ്യത കൂടിയതാണ് മത്സ്യമേഖലയിലെ തൊഴിലും തൊഴിലിടങ്ങളും. തൊഴിലിടങ്ങളിൽ വച്ച് മരണപെടുന്ന തൊഴിലാളികളുടെ എണ്ണം കണക്കിലെടുത്താൽ ഓരോവർഷവും ഏറ്റവും കൂടുതൽ തൊഴിലാളികൾ മരിക്കുന്നത് മത്സ്യബന്ധനമേഖലയിലാണ്. കേരളത്തിലെ കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കെടുത്ത് പരിശോധിച്ചാൽ വർഷംതോറും ശരാശരി 56 മത്സ്യതൊഴിലാളികൾ മത്സ്യബന്ധത്തിനിടയിൽ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (സി –റെംസ് –2011) മറ്റൊരു തൊഴിൽമേഖലയിലും ഇത്രയും മരണമുണ്ടാകാറില്ല. ഇനി മത്സ്യതൊഴിലാളികളെ വെടിവച്ച് കൊല്ലുന്നതിന്റെ കണക്കുകൾ കൂടി കണ്ടെത്തേണ്ട ഒരു ദുരവസ്ഥ ഉണ്ടാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com